കർഷക കടാശ്വാസ കമ്മീഷൻ

120 (1524) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിൽ കമ്മീഷന്റെ മുന്നിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എത്ര പേർക്ക് കടാശ്വാസം നൽകി ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ; ഇതിലൂടെ എത്ര രൂപയുടെ ആശ്വാസം കർഷകർക്ക് ലഭിച്ചു ;

(ഡി) എത്ര പേരുടെ കടം എഴുതി തള്ളി ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ; ഇതിലൂടെ എത്ര രൂപയുടെ ആശ്വാസം കർഷകർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിശ്ചിത തീയതിക്ക് മുമ്പായി കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ വിചാരണയിലൂടെ തീർപ്പാക്കുകയാണ് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കമ്മീഷൻ നടത്തിയ മുഖ്യപ്രവർത്തനം. വിവിധ ജില്ലകളിലായി 567 സിറ്റിംഗുകൾ നടത്തുകയും അതുവഴി 36582 കർഷകർക്ക് 76,93,63,655 രൂപയുടെ കടാശ്വാസം ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിന് സമാനമായി എല്ലാ ജില്ലകളിലെയും കർഷകരുടെ കടങ്ങളും 2012-ൽ ഉരുൾപൊട്ടലുണ്ടായ കണ്ണൂർ ജില്ലയിലെ ഇരിട്ടി, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി എന്നീ പ്രദേശങ്ങളിലെ കർഷകരുടെ കടങ്ങളും കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരണമെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-5-2009 ആയി നിശ്ചയിച്ചിരുന്നതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടായിരുന്നില്ല. പിന്നീട് വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെ തുടർന്ന് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വയനാട് ജില്ലയിൽ നിന്ന് 21568 അപേക്ഷകൾ കമ്മീഷന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള കർഷക കടാശ്വാസ കമ്മീഷൻ വ്യക്തിഗത അപേക്ഷകളിൽ പുറപ്പെടുവിച്ചിട്ടുള്ള 58236 അന്തിമ ഉത്തരവുകളുമായി ബന്ധപ്പെട്ട് പരിശോധനയിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 100,46,25,162 രൂപ നാളിതുവരെ സഹകരണ സംഘം രജിസ്ട്രാർ മുഖേന ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

ജില്ല	അവാർഡുകളുടെ എണ്ണം	തുക
തിരുവനന്തപുരം	6693	21,66,20,671
കൊല്ലം	619	2,07,78,848
പത്തനംതിട്ട	848	1,51,66,385
ആലപ്പുഴ	558	98,90,356
കോട്ടയം	524	1,52,86,163
ഇടുക്കി	23877	25,20,99,539
എറണാകുളം	142	34,23,904
തൃശ്ശൂർ	472	91,51,650
പാലക്കാട്	2137	4,47,82,581
മലപ്പുറം	2070	3,71,95,810
കോഴിക്കോട്	3309	8,51,44,843
വയനാട്	10875	19,63,02,874
കണ്ണൂർ	3117	5,40,07,667
കാസർഗോഡ്	2995	4,47,73,871
ആകെ	58236	100,46,25,162

(ഡി) 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ട് കടം എഴുതിത്തള്ളുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്ട് നിലവിൽ വന്ന തീയതിയായ 18-01-2007-നോ അതിന് മുമ്പോ കർഷകരിൽ നിന്ന് ലഭിക്കാനുള്ള ബാദ്ധ്യതയ്ക്ക് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly